"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കണ്ണൂർ ദേശീയപാത വിഭാഗത്തിന് കീഴിൽ പൂർത്തിയായ കുറ്റിക്കോൽ പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം കി മീ 135/545 മുതൽ 138/755 (എൻഎച്ച് 17) വരെ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട ഇ പി 263 /18 (OS 867/94) നമ്പർ കേസിലെ കോടതി വിധിപ്രകാരമുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.633/2024/PWD തിരുവനന്തപുരം,തീയതി 25-06-2024

പരാമർശം:-
1. സ.ഉ.(സാധാ) നം.831/2019/പൊ.മ.വ. തീയതി 08.07.2019
2. സ.ഉ.(സാധാ) നം.466/2019/പൊ.മ.വ. തീയതി 01.04.2019
3. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.12.2021, 27.05.2023 എന്നീ തീയതികളിലെ CEPWD/11846/2021-C1(F)-NH നം കത്ത്.

**ഉത്തരവ്**

കണ്ണൂർ ദേശീയപാത വിഭാഗത്തിന് കീഴിൽ പൂർത്തിയായ കുറ്റിക്കോൽ പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം കി മീ 135/545 മുതൽ 138/755 (എൻഎച്ച് 17) വരെ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു കോഴിക്കോട് സബ് കോടതിയിൽ M/s ഡെൽക്കോ (ദേലമ്പാടി കൺസേൺസ്) പി ഡബ്ല്യു ഡി കോൺട്രാക്റ്റേഴ്സ് മാനേജിംഗ് പാർട്ണർ ശ്രീ ടി. ഡി അഹമ്മദ് (മരണപ്പെട്ട) മുതൽപേർ ഫയൽ ചെയ്ത ഇ .പി 263 /18 (OS 867/94) നമ്പർ കേസിൽ 30.11.2018 വരെയുള്ള പലിശ സഹിതമുള്ള തുകയായ 85,28,086 രൂപ പരാമർശം 1 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. തുടർന്ന് 01/12/2018 മുതൽ 31/1/2019 വരെയുള്ള കുടിശ്ശിക തുകയായ ₹40,445/- രൂപയുടെ ഭരണാനുമതി പരാമർശം 2 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു.

2. ചെലവ് ശീർഷകത്തിൽ വന്നിട്ടുള്ള മാറ്റം കാരണം പരാമർശം 2 പ്രകാരം അനുവദിച്ച തുകയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ലായെന്നും പ്രസ്തുത ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ട് 30/11/2018 മുതൽ 3/10/2019 വരെയുള്ള ആകെ കുടിശിക തുകയായ ₹1,97,918/- രൂപയുടെ ഭരണാനുമതി 5054-01-337-92 Plan Charged എന്ന ശീർഷകത്തിൽ ലഭ്യമാക്കണമെന്നും പരാമർശം 3 കത്ത് മുഖാന്തിരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/12/2018 മുതൽ 31/1/2019 വരെയുള്ള കുടിശ്ശിക തുകയായ ₹40,445/- രൂപയുടെ ഭരണാനുമതി നൽകിയ പരാമർശം 2 ഉത്തരവ് റദ്ദ്

ചെയ്തുകൊണ്ടും കണ്ണൂർ ദേശീയപാത വിഭാഗത്തിന് കീഴിൽ പൂർത്തിയായ കുറ്റിക്കോൽ പാലത്തിന് അനുബന്ധ റോഡ് നിർമ്മാണം കി മീ 135/545 മുതൽ 138/755 (എൻഎച്ച് 17) വരെ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട ഇ പി 263 /18 (OS 867/94) നമ്പർ കേസിലെ കോടതി വിധിപ്രകാരമുള്ള തുക, 22.12.1994 മുതൽ 03.10.2019 വരെയുള്ള പലിശ, കോടതി ചെലവ് എന്നിവ അടക്കം 87,26,004/- രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

4. ഈ തുകയിൽ 03.10.2019 ന് ഡെപ്പോസിറ്റ് ചെയ്ത തുക ഒഴിച്ച് ബാക്കി തുകയായ 1,97,918/- രൂപ 2024-25 സാമ്പത്തിക വർഷത്തിൽ 5054-01-337-92 Plan Charged എന്ന ശീർഷകത്തിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനിയർ(ദേശീയപാത വിഭാഗം), പൊതുമരാമത്ത് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 25-06-2024 17:31:24
സെക്ഷൻ ഓഫീസർ